പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1732. 06.03.2017-ലെ മറുപടിക്ക്

**<u>കെ.എസ്.ആർ.ടി.സി.യ്ക്ക് വോൾവോ ബസ് വാഷ്</u>**

<u>ചോദ്യം</u>

ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്

<u>ഉത്തരം</u>

ശ്രീ. തോമസ് ചാണ്ടി

( ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി-യിൽ വോൾവോ ബസ് വാഷ് ചെയ്യുന്നതിനുള്ള സോപ്പ് ഓയിൽ എഞ്ചിൻ ഓയിലാക്കി ഉപയോഗിച്ചതായി ആരോപിക്കപ്പെടുന്ന സംഭവത്തിൽ ഉത്തരവാദികൾ ആരൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;എങ്കിൽ ഉത്തരവാദികൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം; | (എ) | 27.12.2012 തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിലെ RA 101 നമ്പർ വോൾവോ ബസിൽ എഞ്ചിൻ ഓയിലിനു പകരം സോപ്പ് ഓയിൽ ഒഴിച്ചുവെന്ന പരാതിയിന്മേൽ വകുപ്പ് തല അന്വേഷണം നടത്തുകയും പ്രസ്തുത ആരോപണം വസ്തുതകൾക്ക് വിരുദ്ധമാണെന്നും, ടി പരാതി നിലനിൽക്കുന്നതല്ലായെന്നും കണ്ടെത്തുകയുണ്ടായി. |
| (ബി) | സംഭവത്തിന്റെ പേരിൽ എത്ര ബസ്, എത്ര കാലയളവിലേയ്ക്ക്, എവിടെയൊക്കെയുള്ള സർവ്വീസ് നിർത്തലാക്കേണ്ടി വന്നു എന്നറിയിക്കാമോ; | (ബി) | ഇത്തരം ഒരു സംഭവുമായി ബന്ധപ്പെട്ട് ബസ്സുകൾ ഒന്നും സർവ്വീസ് നിർത്തിയിട്ടില്ല. |
| (സി) | തകരാറിലായ ബസ്സുകളോടൊപ്പമുള്ള ഒരു ബസ് സെൻട്രൽ വർക്സിൽ തുരുമ്പിച്ചതായ റിപ്പോർട്ട് ശരിയാണോ ; എങ്കിൽ ടി ബസ്സിന്റെ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ? | (സി) | ശരിയല്ല. |

സെക്ഷൻ ഓഫീസർ